"ഭരണഭാഷ- മാതൃഭാഷ"

**കേരള സര്ക്കാര്**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ എടയൂർ ഗ്രാമപഞ്ചായത്തില് കുടിവെള്ളം വിതരണം നടത്തിയ വകയില് അധികമായി ചെലവായ 1,59,120/-രൂപ തനതു/പ്ലാൻ ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1280/2024/LSGD തീയതി,തിരുവനന്തപുരം, 14-07-2024

---

പരാമർശം:-
1. സ.ഉ(സാധാ)നം.564/2023/ത.സ്വ.ഭ.വ തീയതി, 06.03.2023.
2. സ.ഉ(സാധാ)നം.1153/2023/ത.സ്വ.ഭ.വ തീയതി, 02.06.2023.
3. 25.09.2023 തീയതിയിലെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പല് ഡയറക്ടറുടെ LSGD/PD/57210/2023-DPLC4 നമ്പര് കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ എടയൂർ ഗ്രാമപഞ്ചായത്തില് 19 വാർഡുകളിൽ 19.04.2023 മുതൽ 30.05.2023 വരെയും 07.06.2023 മുതൽ 10.06.2023 വരെയും കുടിവെള്ള വിതരണം നടത്തിയതിന്, അധികരിച്ച് ചെലവായ 1,59,120/- രൂപ തനത് ഫണ്ടിൽ നിന്ന് നൽകുന്നതിനുള്ള അനുമതിയ്ക്കായി എടയൂര് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ, പഞ്ചായത്ത് ഭരണസമിതി തീരുമാനം, കുടിവെള്ള വിതരണം നടത്തിയതിന്റെ ട്രിപ്പ് ഷീറ്റ്, ജി.പി.എസ് രേഖകൾ എന്നിവ തദ്ദേശ സ്വയംഭരണ വകുപ്പ് മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടറുടെ ശുപാർശ സഹിതം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പല് ഡയറക്ടര് പരാമര്ശം (3) പ്രകാരം പ്രൊപ്പോസല് സമര്പ്പിച്ചിരുന്നു.

2. എടയൂർ ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം 19.04.2023 മുതൽ 30.05.2023 വരെയും മഴലഭിക്കാത്തതിനാൽ കുടിവെള്ള ക്ഷാമം പരിഹരിക്കപ്പെടാത്ത സാഹചര്യത്തിൽ 07.06.2023 മുതൽ 10.06.2023 വരെയും പരാമർശ ഉത്തരവുപ്രകാരം കുടിവെള്ള വിതരണം നടത്തിയതിന് ആകെ 13,59,120/- രൂപ ചെലവായിട്ടുണ്ടെന്നും പരാമര്ശം (1) ഉത്തരവുപ്രകാരം ചെലവഴിക്കാവുന്ന 12 ലക്ഷം രൂപ മാത്രമാണ് ഗ്രാമപഞ്ചായത്ത് കരാറുകാരന് അനുവദിച്ചതെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പല് ഡയറക്ടര് റിപ്പോര്ട്ട് ചെയ്തിട്ടുണ്ട്.

3. സര്ക്കാര് ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമര്ശം (1) പ്രകാരം ഗ്രാമപഞ്ചായത്തുകള്ക്ക് 01.04.2023 മുതല് 31.05.2023 വരെ കുടിവെള്ള വിതരണത്തിനായി 12 ലക്ഷം രൂപ ചെലവഴിക്കാന് അനുമതി നല്കിയിരുന്നു. പരാമര്ശം (2) പ്രകാരം കുടിവെള്ള ക്ഷാമം രൂക്ഷമായി തുടരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളില് 01.06.2023 മുതല് രണ്ടാഴ്ചത്തേക്കോ അല്ലെങ്കില് പ്രസ്തുത പ്രദേശങ്ങളില് മഴ ലഭിക്കുന്നതുവരെയോ ഏതാണോ ആദ്യം എന്ന ക്രമത്തില് കുടിവെള്ള വിതരണം ചെയ്യുന്നതിനുള്ള കാലാവധി ദീര്ഘിപ്പിച്ച്

ഉത്തരവായിരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ലയിലെ എടയൂർ ഗ്രാമപഞ്ചായത്തില് 2023 ഏപ്രില് 19 മുതല് മേയ് 30 വരെയും ജൂണ് 7 മുതൽ ജൂണ് 10 വരെയും കുടിവെള്ള വിതരണം നടത്തിയ വകയില് അനുവദനീയമായ 12 ലക്ഷം രൂപയില് അധികരിച്ച ചെലവായ 1,59,120/- രൂപ (ഒരു ലക്ഷത്തി അന്പത്തി ഒന്പതിനായിരത്തി ഒരുന്നൂറ്റി ഇരുപത് രൂപ മാത്രം) തനതു ഫണ്ടില് നിന്നും അനുവദിക്കുന്നതിന് എടയൂർ ഗ്രാമപഞ്ചായത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിന് പ്രകാരം)
SHEEJA R S
ജോയിന്റ് സെക്രട്ടറി

പ്രിന്സിപ്പല് ഡയറക്ടര്, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, എടയൂര് ഗ്രാമപഞ്ചായത്ത്, എടയൂർ പോസ്റ്റ്, മലപ്പുറം-676552.
പ്രിന്സിപ്പല് അക്കൗണ്ടന്റ് ജനറല് (എ&ഇ/ആഡിറ്റ്),കേരള, തിരുവനന്തപുരം
ഡയറക്ടര്, ഇന്ഫര്മേഷന് കേരള മിഷന്, തിരുവനന്തപുരം
വിവര പൊതുജനസമ്പര്ക്ക വകുപ്പ് (വെബ് സൈറ്റില്പ്രസിദ്ധീകരിക്കുന്നതിന്)
കരുതല് ഫയല്/ഓഫീസ് പകര്പ്പ്.

ഉത്തരവിന് പ്രകാരം

Signed by
Resmi R S
Date: 15-07-2024 10:54:08
സെക്ഷന് ഓഫീസര്

പകര്പ്പ് :

ബഹു. തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിന്സിപ്പല് സെക്രട്ടറിയുടെ പി.എ-യ്ക്ക്